ക്ലാസ്സ് **11**

# മതബോധനകേന്ദ്രം
## മാനന്തവാടി രൂപത
First Semester Examination 2025-26

| ആകെ മാർക്ക് : 80 |
|---|
| പാർട്ട് 1 : 60 |
| പാർട്ട് 2 : 20 |
| സമയം : 2 മണിക്കൂർ |

### പാർട്ട് 1

**ഉത്തരം തെരഞ്ഞെടുത്തെഴുതുക.** **8×1=8**

1. റംശാ എന്നാൽ എന്ത്?
(സായാഹ്ന പ്രാർത്ഥന, പ്രഭാത പ്രാർത്ഥന, രാത്രി പ്രാർത്ഥന)
2. ഈശോയുടെ സ്നേഹത്തിലും നന്മയിലും വളരാൻ സഹായിക്കുന്ന മൂല്യങ്ങൾ അറിയപ്പെടുന്നത്?
(സുവിശേഷ നിയമം, ആരാധനാക്രമം, പ്രാർത്ഥന)
3. ക്രിസ്തീയ മനഃസ്സാക്ഷിയെ നന്മയിൽ നിലനിർത്തുന്നത്?
(ദൈവം, പരിശുദ്ധാത്മാവ്, ഈശോമിശിഹാ)
4. സഭാപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്ന നിയമങ്ങൾ?
(കാനൻ നിയമം, പൊതുവായ നിയമം, ധാർമ്മിക നിയമം)
5. ഈശോയുടെ രൂപാന്തരീകരണം നടന്ന സ്ഥലം?
(ജോർദ്ദാൻ, ജറുസലേം, താബോർ മല)
6. കൃപാവരത്തിന്റെ ഫലദായകമായ അടയാളങ്ങളും ഉപാധികളും എന്ത്?
(കൂദാശകൾ, കൂദാശാനുകരണങ്ങൾ, വി. കുർബ്ബാന)
7. പെസഹാ രഹസ്യത്തിന്റെ പ്രഖ്യാപനവും ആഘോഷവും?
(സുവിശേഷം, ആരാധനാക്രമം, വിശ്വസാഘോഷങ്ങൾ)
8. വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ എന്ന്?
(സെപ്റ്റംബർ 14, ജനുവരി 6, ഡിസംബർ 8)

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **10×1=10**

9. ഇതുവരെ കണ്ടെത്തിയവയിൽ ഏറ്റവും പഴക്കം ചെന്ന ദൈവാലയം?
10. 'ഞാൻ വിശ്വസിക്കുന്നു' എന്നർത്ഥമുള്ള ലത്തീൻ പദം?
11. "കുടുംബ പ്രാർത്ഥന മുടക്കരുത്" എന്ന് പറഞ്ഞ വിശുദ്ധൻ?
12. 'ചർച്ച് ഓഫ് നേറ്റിവിറ്റി' ഈശോയുടെ ജീവിതത്തിലെ ഏതു സംഭവവുമായി ബന്ധപ്പെട്ടു നിൽക്കുന്നതാണ്?
13. "വിശ്വസിക്കാൻ വേണ്ടി ഞാൻ ഗ്രഹിക്കുന്നു. ഗ്രഹിക്കാൻ വേണ്ടി ഞാൻ വിശ്വസിക്കുന്നു." ആരുടെ വാക്കുകൾ?
14. ആദ്യകാലം ക്രിസ്ത്യാനികൾ ഉപയോഗിച്ചിരുന്ന ആരാധനാലയങ്ങളും ഭൂഗർഭശ്മശാനങ്ങളും എങ്ങനെയാണ് അറിയപ്പെടുന്നത്?
15. സുവിശേഷത്തിന്റെ മുഴുവൻ സംഗ്രഹമായ പ്രാർത്ഥന?
16. ധാർമിക നിയമങ്ങളുടെ പൂർത്തീകരണം ആരിലാണ്?
17. ജനുവരി ആറിന് സഭ ആഘോഷിക്കുന്ന തിരുനാൾ?
18. സഭയുടെ വിശ്വാസ നിക്ഷേപം വ്യാഖ്യാനിച്ച് പഠിപ്പിക്കാനുള്ള സഭയുടെ അധികാരം?

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** **7×2=14**

19. കൂദാശാനുകരണങ്ങളുടെ ഘടന.
20. അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ എന്നാൽ എന്ത്?
21. ഈശോ ജീവിച്ചിരുന്നിട്ടില്ലെന്ന് ചിലർ വാദിക്കുന്നു. ഈശോ ഒരു ചരിത്രപുരുഷൻ ആണെന്ന് നിങ്ങൾ എങ്ങനെ സ്ഥാപിക്കും?

22. ബൈബിളിലെ സുവർണ്ണ നിയമത്തിന്റെ വചനഭാഗം എഴുതുക.

23. 'ആരാധന' എന്നതുകൊണ്ട് നിങ്ങൾ മനസ്സിലാക്കിയ ആശയം എന്ത്?

24. നിങ്ങൾ ചെയ്യുന്ന ഒരു പ്രവൃത്തി ധാർമികമാകുന്നത് എപ്പോൾ?

25. ക്രിസ്തീയജീവിത ദർശനത്തിന്റെ അനന്യതയെ വ്യക്തമാക്കുന്ന മൂന്ന് സവിശേഷതകൾ എഴുതുക.

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക.** **4×4=16**

26. വിശ്വാസത്തിന്റെ ഏതെങ്കിലും നാല് സവിശേഷതകൾ വിശദമാക്കുക.

27. 'യാമ പ്രാർത്ഥനകൾ' എന്നതിനെക്കുറിച്ച് നിങ്ങൾ എന്തു മനസ്സിലാക്കിയിരിക്കുന്നു?

28. എന്റെ ജീവിതം ക്രിസ്തീയ ജീവിതമാകണമെങ്കിൽ ഞാൻ അനുവർത്തിക്കേണ്ട ജീവിതശൈലി എന്ത്?

29. 'മൗലിക സുകൃതങ്ങൾ നമ്മെ നന്മയിലേക്ക് നയിക്കുന്നു.' സമർത്ഥിക്കുക.

**നോട്ട് കുറിക്കുക.** **1×5=5**

30. വിശ്വാസ പ്രമാണത്തിൽ നാം ഏറ്റുപറയുന്ന ഏതെങ്കിലും 5 വിശ്വാസ സത്യങ്ങൾ എഴുതുക.

**വിശദീകരിച്ച് ഉത്തരം എഴുതുക.** **1×7=7**

31. സമൂഹത്തിൽ അഴിമതി, അക്രമണം, അരാജകത്വം തുടങ്ങിയവ വർധിച്ചു വരുന്നതിന് ഉത്തരവാദികൾ ധാർമ്മിക മനഃസാക്ഷി ഇല്ലാത്ത മനുഷ്യരാണ്. എങ്കിൽ ധാർമ്മിക മനഃസാക്ഷി രൂപീകരണത്തിനായി നമുക്ക് നിർദ്ദേശിക്കാൻ കഴിയുന്ന കാര്യങ്ങൾ എന്തെല്ലാമായിരിക്കും?

## പാർട്ട് 2

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **3×1=3**

32. എന്തിനു ദൈവത്തിൽ വിശ്വസിക്കണം?

33. "പ്രാർത്ഥിക്കുക എന്നതിന്റെ അർത്ഥം സംസാരിക്കുക എന്നതിനേക്കാൾ ശ്രവിക്കുക എന്നതാണ്." ആരുടെ വാക്കുകൾ?

34. രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ വിശേഷിപ്പിച്ചത് എങ്ങനെ?

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.** **2×2=4**

35. സഭയുടെ നാല് ലക്ഷണങ്ങൾ ഏവ?

36. എന്തിനാണ് ദൈവത്തോട് നാം നന്ദി പറയേണ്ടത്?

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക.** **3×3=9**

37. മറ്റുള്ളവരുടെ പാപങ്ങൾക്ക് നമ്മൾ ഉത്തരവാദികളാണോ?

38. ദൈവജനത്തിന്റെ അനന്യത വിശദമാക്കുക.

39. ദൈവസന്നിധിയിൽ കരങ്ങൾ കൂപ്പുന്നതു എന്തിനെ സൂചിപ്പിക്കുന്നു?

**ഉത്തരം എഴുതുക.** **1×4=4**

40. മഹിമയുടെ രണ്ടാം രഹസ്യം എഴുതുക.